# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **1506**

**06-03-2017 ൽ മറുപടിയ്ക്ക്**

## കൃഷിഭൂമി കാർഷികയോഗ്യമാക്കുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ.വി. അബ്ദുറഹിമാൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാർഷികയോഗ്യമല്ലാതെ താനൂർ-തിരൂരങ്ങാടി നിയോജകമണ്ഡലങ്ങളിലായി കിടക്കുന്ന 1300 ഓളം ഏക്കർ വരുന്ന കൃഷി ഭൂമി കൃഷിക്ക് അനുയോജ്യമാക്കണം എന്നുള്ള കാലങ്ങളായുള്ള ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ ഭൂമി കാർഷികയോഗ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | താനൂർ നിയോജകമണ്ഡലം തരിശ്ശ രഹിതമാക്കുന്നതിന്റെ ഭാഗമായി നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | എന്തൊക്കെ പദ്ധതികളാണ് ഇവിടെ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമായ വിവരം നൽകുമോ; | (സി) | നെൽകൃഷി വികസനത്തിനായുള്ള ആനുകൂല്യം വർദ്ധിപ്പിച്ചു നൽകുക, റഗുലേറ്റർ കം ബ്രിഡ്ജ്. പൂരപ്പുഴ പാറയിൽ റഗുലേറ്റർ കം ബ്രിഡ്ജ് പൂരപ്പുഴ പാറയിൽ മോര്യകാപ്പ് കനാലിൽ (പെരുന്തോട്) റിക്ലമേഷൻ സിസ്റ്റം, കാപ്പ് ആഴം കൂട്ടി പുനർനിർമ്മാണം, പൂരപ്പുഴ മുതൽ മോര്യകാപ്പ് വരെയുള്ള കനാൽ നവീകരണം. കനാൽ തടയിണകളുടെ നിർമ്മാണം. ട്രാക്റ്റർ പാത്ത് നിർമ്മാണം. വി.സി.ബി., തോട് വീതി കൂട്ടി സൈഡ് കെട്ടുക എന്നീ പ്രവർത്തികളാണ് ചെയ്യാനുദ്ദേശിക്കുന്നത്. |
| (ഡി) | മോര്യാകാപ്പ് പാടശേഖരസമിതി സമർപ്പിച്ച നിവേദനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ? | (ഡി) | പാടശേഖരസമിതിയുടെ ആവശ്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ